15019
10/7/17

# കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ് – ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ (എം.എസ്) നമ്പർ. 84/17/കൃഷി    തീയതി, തിരുവനന്തപുരം, 07/07/2017

=====================================================================

പരാമർശം:- 1) 31.01.2009 ലെ സ.ഉ (പി).22/2009/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
2) 16.08.2011 ലെ സ.ഉ (എം.എസ്).197/2011/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
3) 13.02.2012 ലെ സ.ഉ (എം.എസ്).26/2012/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
4) 25.06.2014 ലെ സ.ഉ (എം.എസ്).147/2014/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
5) 26.09.2016 ലെ സ.ഉ (എം.എസ്).133/2016/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
6) 21/01/2017-ലെ സ.ഉ (എം.എസ്) 34/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
7) 06/02/2017- ലെ സ.ഉ (എം.എസ്) 67/2017/ധന നമ്പർ സർക്കാർ ഉത്തരവ്
8) 03/03/2017-ലെ സ.ഉ (എം.എസ്) 28/2017/കൃഷി നമ്പർ സർക്കാർ ഉത്തരവ്
9) കൃഷി വകുപ്പ് ഡയറക്ടറുടെ 12/04/2017-ലെ റ്റി.എസ്(1)10032/12 നമ്പർ കത്ത്

## ഉത്തരവ്

ചെറുകിട നാമമാത്ര കർഷകർക്കുള്ള കർഷക പെൻഷൻ പദ്ധതി പ്രകാരം കർഷക പെൻഷൻ വാങ്ങുന്നവരിലെ അനർഹരെ ഒഴിവാക്കി അർഹരായവർക്ക് മാത്രം കർഷക പെൻഷൻ നൽകുന്നതിന് പരാമർശം (8) ഉത്തരവ് പ്രകാരം പരാമർശം (3) ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) സാമൂഹ്യ സുരക്ഷാ പെൻഷന്റെ അർഹതാ മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് പരാമർശം 6,7 എന്നിവ പ്രകാരം പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരാമർശം (8)- ലെ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് പരാമർശം (9) പ്രകാരം കൃഷി ഡയറക്ടർ സർക്കാരിൽ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8)- ലെ ഉത്തരവിലെ ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ചുവടെ ചേർക്കുന്ന ഭേദഗതി വരുത്തിയും താഴെ പറയും പ്രകാരം ഇനം. 13 കൂടി ഉൾപ്പെടുത്തിയും ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

> ഇനം: 4 - സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റ് വിഭാഗങ്ങൾ എന്നിവർക്ക് കർഷകപെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്കും ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നവർക്കും കർഷക പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

ഇനം: 5 - കഴിഞ്ഞ പത്ത് കൊല്ലമായി കൃഷി ചെയ്ത് ജീവിച്ചുവന്നിരുന്നവർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്.

ഇനം. 10- നിലവിൽ കർഷക പെൻഷനും സാമൂഹ്യ സുരക്ഷ പെൻഷനും ഒരുമിച്ച് വാങ്ങുന്നവർക്ക് 1,000/- രൂപ നിരക്കിൽ കർഷക പെൻഷനും 600/- രൂപ നിരക്കിൽ ഒരു സാമൂഹ്യ സുരക്ഷ പെൻഷനും അർഹതയുണ്ടായിരിക്കും. എന്നാൽ 21.01.2017 മുതൽ പുതുതായി കർഷക പെൻഷന് അർഹരാകുന്നവർക്ക് സാമൂഹ്യ സുരക്ഷ പെൻഷന് അർഹതയുണ്ടായിരിക്കില്ല.

ഇനം.13- 85 വയസ്സിന് മുകളിലുള്ള കർഷകൻ, മാനസികമോ ശാരീരികമോ ആയ 80% ന് മുകളിൽ വൈകല്യമുള്ളവർ, സ്ഥിരമായി കിടപ്പിലുള്ള രോഗികൾ എന്നിവർക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്ന പക്ഷം ആധാർ കാർഡ് നിർബന്ധമാക്കേണ്ടതില്ല.

4) പരാമർശം (8)- ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ടീക്കാ റാം മീണ**
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരളം.
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
ധനകാര്യ (അഗ്രി ബി) വകുപ്പ് (അഗ്രി ബി1/63/17/ധന പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

(91)

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-07-2017

ഫയൽ നം.93/പി.ബി.1/2017/കൃഷി | ഇനം നം: 1193

വിഷയം : കൃഷി വകുപ്പ് - ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത്.

തീരുമാനം : കുറിപ്പിൽ പരാമർശിച്ചിട്ടുള്ള ഭേദഗതികളിൽ ഇനം:10 "നിലവിൽ കർഷക പെൻഷനും സാമൂഹ്യ സുരക്ഷ പെൻഷനും ഒരുമിച്ച് വാങ്ങുന്നവർക്ക് 1000/- രൂപ നിരക്കിൽ കർഷക പെൻഷനും [illegible]/- രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷ പെൻഷനും അർഹതയുണ്ടായിരിക്കും. എന്നാൽ 21.01.2017 മുതൽ പുതുതായി കർഷക പെൻഷന് അർഹരാകുന്നവർക്ക് സാമൂഹ്യ സുരക്ഷ പെൻഷന് അർഹതയുണ്ടായിരിക്കില്ല" എന്ന് ഭേദഗതി ചെയ്തുകൊണ്ട് കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(അദ്ധ്യക്ഷൻ)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

PI - put up draft G.O. immediately
6/7/17
AS

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 93/പിബി1/2017/കൃഷി |
| 2 | വകുപ്പ് | കൃഷി (പി.ബി) വകുപ്പ് |
| 3 | വിഷയം | കൃഷി വകുപ്പ്- ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 15/06/17 |
| 5 | (i). ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br><br>(ii). സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, ധനകാര്യവകുപ്പ് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. കെ.മിനി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. ടീക്കാ റാം മീണ, ഐ.എ.എസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 24/06/17 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. നളിനി നെറ്റോ, ഐ.എ.എസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 30/06/17 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | അഡ്വ.വി.എസ്.സുനിൽ കുമാർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | 02/07/17 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 03/07/17 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെയും കർഷക ക്ഷേമം ഉറപ്പാക്കുന്നതിന്റെയും ഭാഗമായി 60 വയസ്സ് പൂർത്തിയായ നെൽ കർഷകർക്ക് ആശ്വാസമായി 'കിസാൻ അഭിമാൻ' എന്ന പേരിൽ ഒരു പെൻഷൻ പദ്ധതിയ്ക്ക് 2008-09 കാലഘട്ടത്തിൽ രൂപം നൽകിയിരുന്നു. 'കിസാൻ അഭിമാൻ' പദ്ധതിയിൽ പ്രതിമാസം 300/- രൂപ നിരക്കിലാണ് നെൽ കർഷകർക്ക് പെൻഷൻ നൽകി വന്നിരുന്നത്. തുടർന്ന് 2011 ൽ ടി പെൻഷൻ പദ്ധതി പുനരവലോകനം ചെയ്യുകയും ഒരു ഹെക്ടറോ, അതിന് താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷൻ അനുവദിയ്ക്കുവാൻ 16.08.2011-ലെ സ.ഉ.(കൈ )197/2011/കൃഷി പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ 08/02/2012-ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരെ ചെറുകിട നാമമാത്രകർഷകരായി കണക്കാക്കുകയും പെൻഷൻ തുക 400/-രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് 13.02.2012 ലെ സ.ഉ.(കൈ) 26/2012/കൃഷി നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് 25..6..2014 ലെ സ.ഉ.(കൈ) 147/14/കൃഷി ഉത്തരവ് പ്രകാരം നിശ്ചയിച്ച പെൻഷൻ തുക 600/- രൂപയിൽനിന്നും 01/06/2016 മുതൽ പ്രാബല്യത്തിൽ 1000 രൂപയായി വർദ്ധിപ്പിച്ചും 26/09/2016-ലെ സ.ഉ. (കൈ) 133/16/കൃഷി പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

2) 13/02/2012- ലെ സ.ഉ (കൈ) നം. 26/12./കൃഷി നമ്പർ ഉത്തരവിലെ ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി 03/03/2017- ലെ സ.ഉ (കൈ) നം.

28/2017/കൃഷി പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) ധനകാര്യ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 21.01.2017- ലെ സ.ഉ (കൈ) നം. 34/2017/ധന, 06.02.2017- ലെ സ.ഉ (കൈ) 67/17/ധന എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 03/03/2017- ലെ സ.ഉ (കൈ) 28/2017/കൃഷി നമ്പർ കർഷക പെൻഷൻ ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവ് താഴെ പറയും പ്രകാരം ഭേദഗതികൾ വരുത്തുന്നതിനായി കൃഷി ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി സമർപ്പിക്കുകയുണ്ടായി.

ഭേദഗതി

*ഇനം: 4 - സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റു വിഭാഗങ്ങൾ എന്നിവർക്ക് കർഷകപെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്കും ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നവർക്കും കർഷക പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.*

*ഇനം: 10 - കർഷക പെൻഷൻ വാങ്ങുന്നവർക്ക് കർഷക പെൻഷൻ തുകയായ ആയിരം രൂപയ്ക്ക് പുറമേ 600 രൂപ പ്രകാരമുള്ള ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ കൂടി ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും.*

*ഇനം: 13 - 85 വയസ്സിന് മുകളിലുള്ള കർഷകൻ , മാനസികമോ ശാരീരികമോ ആയ 80% ന് മുകളിലുള്ള വൈകല്യമുള്ളവർ, സ്ഥിരമായി കിടപ്പിലുള്ള രോഗികൾ എന്നിവർക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്ന പക്ഷം ആധാർ കാർഡ് നിർബന്ധമാക്കേണ്ടതില്ല"*

4). ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം ഭേദഗതികൾ

അംഗീകരിച്ചിട്ടുണ്ട്:

*"ധനകാര്യ വകുപ്പിന്റെ 21/01/2017- ലെ സ.ഉ (എം.എസ്) 34/17/ധന, 06/02/2017- ലെ സ.ഉ (എം.എസ്) 67/17/ധന എന്നീ ഉത്തരവുകൾക്ക് വിധേയമായി 31/03/2017- ലെ സ.ഉ (എം.എസ്) നമ്പർ 28/2017/കൃഷി ഉത്തരവിന് ഭരണ വകുപ്പ് ശുപാർശ ചെയ്തിരിക്കുന്ന രീതിയിൽ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്താവുന്നതാണ്.*

*ഇനം: 4 - സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റു വിഭാഗങ്ങൾ എന്നിവർക്ക് കർഷകപെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്കും ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നവർക്കും കർഷക പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.*

*ഇനം: 10 - കർഷക പെൻഷൻ വാങ്ങുന്നവർക്ക് കർഷക പെൻഷൻ തുകയായ ആയിരം രൂപയ്ക്ക് പുറമേ 600 രൂപ പ്രകാരമുള്ള ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ കൂടി ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും.*

*ഇനം: 13 - 85 വയസ്സിന് മുകളിലുള്ള കർഷകൻ , മാനസികമോ ശാരീരികമോ ആയ 80% ന് മുകളിലുള്ള വൈകല്യമുള്ളവർ, സ്ഥിരമായി കിടപ്പിലുള്ള രോഗികൾ എന്നിവർക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്ന പക്ഷം ആധാർ കാർഡ് നിർബന്ധമാക്കേണ്ടതില്ല"*

5) തുടർന്ന് ധനകാര്യ വകുപ്പ് ഇനം -10 മേൽ ചുവടെ പറയും

പ്രകാരം സ്പഷ്ടീകരണം നൽകുകയുമുണ്ടായി:

*"ധനകാര്യ വകുപ്പിന്റെ 21/01/2017-ലെ സ.ഉ (എം,എസ്) നം. 34/2017/ധന പ്രകാരം നിലവിൽ കർഷക പെൻഷൻ വാങ്ങുന്നവർക്ക് കർഷക പെൻഷൻ തുകയായ ആയിരം രൂപയ്ക്ക് പുറമേ 600 രൂപ പ്രകാരമുള്ള ഒരു സാമൂഹ്യ സുരക്ഷാ പെൻഷനും അർഹതയുണ്ടായിരിക്കുമെന്നും എന്നാൽ 21.01.2017 മുതൽ പുതുതായി കർഷക പെൻഷന് അർഹരാകുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ടായിരിക്കുകയില്ലായെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു"*

6) മേൽ ഭേദഗതി വരുത്തുന്നതിനായിട്ടുള്ള ഉത്തരവിനായി ഫയൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രി മുഖേന സമർപ്പിച്ചപ്പോൾ 'ഇനം 5' ൽ "കഴിഞ്ഞ പത്ത് കൊല്ലമായി കൃഷി ചെയ്ത് ജീവിച്ച് വരുന്നവർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്"എന്ന രീതിയിൽ ഭേദഗതി ചെയ്യാവുന്നതാണ്എന്നും മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ് എന്നും ബഹു: മുഖ്യമന്ത്രി ഉത്തരവിട്ടു.

7) മേൽ സാഹചര്യത്തിൽ 03/03/2017- ലെ സ.ഉ (കൈ) 28/17/കൃഷി ഉത്തരവിലെ ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ചുവടെ ചേർക്കുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

ഇനം: 4 - സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റ് വിഭാഗങ്ങൾ എന്നിവർക്ക് കർഷകപെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്കും ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ

ലഭിക്കുന്നവർക്കും കർഷക പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

ഇനം: 5 - കഴിഞ്ഞ പത്ത് കൊല്ലമായി കൃഷി ചെയ്ത ജീവിച്ചുവന്നിരുന്നവർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്.

ഇനം: 10 - നിലവിൽ കർഷക പെൻഷൻ വാങ്ങുന്നവർക്ക് കർഷക പെൻഷൻ തുകയായ ആയിരം രൂപയ്ക്ക് പുറമേ 600 രൂപ പ്രകാരമുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ കൂടി ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും. എന്നാൽ 21.01.2017 മുതൽ പുതുതായി കർഷക പെൻഷന് അർഹരാകുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.

ഇനം: 13 - 85 വയസ്സിന് മുകളിലുള്ള കർഷകൻ , മാനസികമോ ശാരീരികമോ ആയ 80% ന് മുകളിലുള്ള വൈകല്യമുള്ളവർ, സ്ഥിരമായി കിടപ്പിലുള്ള രോഗികൾ എന്നിവർക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്ന പക്ഷം ആധാർ കാർഡ് നിർബന്ധമാക്കേണ്ടതില്ല.

## തീരുമാനിക്കേണ്ട വിഷയം

03.03.2017- ലെ സ.ഉ (കൈ) 28/17/കൃഷി നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച കർഷക പെൻഷൻ ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ മേൽ ഖണ്ഡിക 7- ൽ വിവരിച്ചിട്ടുള്ള ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കാമോ?

GOVERNMENT OF KERALA
SHRI. PINARAYI VIJAYAN MINISTRY
NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | 93//PB1/2017/AD |
| 2 | Department | Agriculture(PB) Department |
| 3 | Subject | Agriculture Department– Small and Marginal Farmers Pension Scheme -Revision of Guidelines Issuance of orders – Reg. |
| 4 | Date of Chief Minister's order for placing before the Council | 15/06/17 |
| 5 | (i) Does the case involve financial commitments/ implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | No |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | Yes, Finance Department |
| 7 | Name of Additional Secretary who submitted the Draft Note | Smt.K.Mini |
| 8 | Name of Secretary who approved the Draft Note | Sri. Teek Ram Meena IAS |
| 9 | Date of approval of the Draft Note for the Council by the Secretary | 24/06/17 |
| 10 | Name of Chief Secretary who approved the Draft Note | Smt. Nalini Netto IAS |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 30/06/17 |
| 12 | Name of Minister who approved the Draft Note | Adv. V.S. Sunil Kumar |
| 13 | Date of approval of the Draft Note for the Council by the Minister | 02/07/17 |
| 14 | Date of submission of fair copies | 03/07/17 |
| 15 | Date of decision by the Council of Ministers | |
| 16 | Number and date of the G.O/letter communicating the decision | |

## NOTE FOR THE COUNCIL OF MINISTERS

A pension scheme titled 'Kissan Abhiman' was evolved in 2008-09 for the paddy farmers who complete the age of 60 as a part of enhancing agricultural production and ensuring farmers welfare. As per 'Kissan Abhiman' scheme, pension @ Rs.300/- per month were given to paddy farmers who complete the age of 60 years. . Subsequently in 2011, the scheme was reviewed and orders were issued sanctioning pension @ Rs.300/- per month to small and marginal farmers having land holdings of one hectare or less vide G.O(MS) No.197/2011/Agri dated 16/8/2011. But in pursuance to the Cabinet Decision dated 8..2..2012, as per G.O(MS) No.26/12/Agri dated 13..2..2012, orders were issued to consider farmers who have land holdings up to 2 hectares as small and marginal farmers and the pension amount was enhanced to Rs.400/- .Thereafter the same was enhanced to Rs.600/- as per G.O(MS) No.147/14/Agri dated 25..6..2014. Subsequently the pension amount Rs. 600/- decided as per G.O(MS) No.147/14/Agri dated 25..06..2014 has been enhanced to Rs.1000/- with effect from 1..6..2016 vide G.O (MS) 133/16/Agri dated 26/09/2016.

2) As per G.O (MS) 28/2017/Agri dated 03.03.2017, orders were issued modifying the guidelines stipulated for the payment of pension to small and marginal farmers issued in G.O (MS) No. 26/2012 dated 13.02.2012.

3) The proposal furnished by Director, Agriculture Development and Farmers' Welfare Department to modify the guidelines stipulated for payment of pension in accordance with Government Orders G.O (MS) 34/17/Fin dated 21/01/2017 and G.O (MS) 67/2017/Fin dated 06/02/2017 issued from Finance Department, was examined and submitted to Finance Department for remarks on making the following modifications in the G.O (MS) 28/17/Agri dated 03/03/2017.

Item 4:- Retired Government employees and other categories who receive pension are not eligible for small and marginal farmers pension. But Employees Provident Fund pensioners and Indira Gandhi National Disability Pension beneficiaries are eligible for this pension.

Item 10:- Those who are receiving small and marginal farmers pension shall also eligible to get social security pension at the rate of Rs. 600/- per month.

Item 13:- Aadhar card shall not be insisted to those farmers who are above the age of 85, mentally and physically challenged and having disability above 80% , those who are permanently laid up due to illness subject to the satisfaction of the fact by the officials concerned.

4)The Finance Department has concurred to the modifications as follows.

*"ധനകാര്യ വകുപ്പിന്റെ 21/01/2017- ലെ സ.ഉ (എം.എസ്) 34/17/ധന, 06/02/2017- ലെ സ.ഉ (എം.എസ്) 67/17/ധന എന്നീ ഉത്തരവുകൾക്ക് വിധേയമായി 31/03/2017- ലെ സ.ഉ (എം.എസ്) നമ്പർ 28/2017/കൃഷി ഉത്തരവിന് ഭരണ വകുപ്പ് ശുപാർശ ചെയ്തിരിക്കുന്ന രീതിയിൽ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്താവുന്നതാണ്.*

*ഇനം: 4 - സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റു വിഭാഗങ്ങൾ എന്നിവർക്ക് കർഷകപെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്കും ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നവർക്കും കർഷക പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.*

*ഇനം: 10 - കർഷക പെൻഷൻ വാങ്ങുന്നവർക്ക് കർഷക പെൻഷൻ തുകയായ ആയിരം രൂപയ്ക്ക് പുറമേ 600 രൂപ പ്രകാരമുള്ള ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ കൂടി ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും.*

*ഇനം: 13 - 85 വയസ്സിന് മുകളിലുള്ള കർഷകൻ , മാനസികമോ ശാരീരികമോ ആയ 80% ന് മുകളിൽ വൈകല്യമുള്ളവർ, സ്ഥിരമായി കിടപ്പിലുള്ള രോഗികൾ എന്നിവർക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്ന പക്ഷം ആധാർ കാർഡ് നിർബന്ധമാക്കേണ്ടതില്ല"*

5) Subsequently Finance Department has given clarification in the no.10 above as follows :

"ധനകാര്യ വകുപ്പിന്റെ 21/01/2017-ലെ സ.ഉ (എം,എസ്) നം. 34/2017/ധന പ്രകാരം നിലവിൽ കർഷക പെൻഷൻ വാങ്ങുന്നവർക്ക് കർഷക പെൻഷൻ തുകയായ ആയിരം രൂപക്ക് പുറമേ 600 രൂപ പ്രകാരമുള്ള ഒരു സാമൂഹ്യ സുരക്ഷാ പെൻഷനും അർഹതയുണ്ടായിരിക്കുമെന്നും എന്നാൽ 21.01.2017 മുതൽ പുതുതായി കർഷക പെൻഷന് അർഹരാകുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ടായിരിക്കുകയില്ലായെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു"

6) When the file was circulated, the Hon'ble Chief Minister through Hon'ble Minister for Agriculture for orders on making the above modifications, he has ordered to modify ' item 5' as "Those who are engaged in cultivation for the last ten years are eligible to enrole in this scheme" and to place the matter before the Council of Ministers.

7) In the above circumstances, the guidelines stipulated for payment of pension to small and marginal farmers as per G.O(MS) No.28/2017/Agri dated 03..03..2017 may be modified and revised orders may be issued incorporating the following items.

<u>Item 4</u>:- Retired Government employees and other categories who receive pension are not eligible for small and marginal farmers pension. But Employees Provident Fund pensioners and Indira Gandhi National Disability Pension beneficiaries are eligible for this pension.

<u>Item 5</u>:- Those who are engaged in cultivation for the last 10 years are eligible to enrole in this scheme.

<u>Item 10</u>:- Those who are receiving small and marginal farmers pension shall also eligible to get social security pension at the rate of Rs. 600/- per month. But the farmers who are eligible for farmers pension on or after 21.01.2017 are not eligible for social security pension.

Item 13:- Aadhar card shall not be insisted to those farmers who are above the age of 85, those are mentally and physically challenged and having disability above 80% and those who are permanently laid up due to illness subject to the conviction of the fact by the officials concerned.

## Point for decision

Whether orders may be issued modifying the guidelines stipulated for payment of pension to small and marginal farmers in G.O (MS) No. 28/2017/AD dated 03.03.2017, incorporating the modifications as explained at para 7 above .

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് – ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

കൃഷി (ആസൂത്രണം-ബി) വകുപ്പ്

സ.ഉ(എം.എസ്)നമ്പർ.28 /17/കൃഷി തീയതി, തിരുവനന്തപുരം,03/03/2017

---

പരാമർശം:- 1) 31.01.2009 ലെ സ.ഉ (പി).22/2009/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
2) 16.08.2011 ലെ സ.ഉ (എം.എസ്).197/2011/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
3) 13.02.2012 ലെ സ.ഉ (എം.എസ്).26/2012/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
4) 25.06.2014 ലെ സ.ഉ (എം.എസ്).147/2014/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
5) 26.09.2016 ലെ സ.ഉ (എം.എസ്).133/2016/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
6) കൃഷി വകുപ്പ് ഡയറക്ടറുടെ 05/10/2016-ലെ റ്റി,എസ്(1)10032/12 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെയും കർഷക ക്ഷേമം ഉറപ്പാക്കുന്നതിന്റെയും ഭാഗമായി 60 വയസ്സ് പൂർത്തിയായ നെൽ കർഷകർക്ക് ആശ്വാസമായി പ്രതിമാസം 300/- രൂപ നിരക്കിൽ 'കിസാൻ അഭിമാൻ' എന്ന പേരിൽ ഒരു പെൻഷൻ പദ്ധതിയ്ക്ക് 2008-09 കാലഘട്ടത്തിൽ രൂപം നൽകി പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.തുടർന്ന് 2011ൽ ടി പെൻഷൻ പദ്ധതി പുനരവലോകനം ചെയ്യുകയും ഒരു ഹെക്ടറോ, അതിന് താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷൻ അനുവദിയ്ക്കുവാൻ പരാമർശം രണ്ട് പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരെ ചെറുകിട നാമമാത്രകർഷകരായി കണക്കാക്കുകയും പെൻഷൻ തുക 400/-രൂപയായി വർദ്ധിപ്പിക്കുകയുമുണ്ടായി. പരാമർശം നാല് ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ച 600/- രൂപയിൽനിന്നും പരാമർശം അഞ്ച് ഉത്തരവ് പ്രകാരം ടി പെൻഷൻ തുക 01/06/2016 പ്രാബല്യത്തിൽ 1000 രൂപയായി വർദ്ധിപ്പിച്ചും സർക്കാർ ഉത്തരവായിരുന്നു.

2. കർഷക പെൻഷൻ വാങ്ങുന്നവരിലെ അനർഹരെ ഒഴിവാക്കി അർഹരായവർക്ക് മാത്രം കർഷക പെൻഷൻ നൽകുന്നതിന് പരാമർശം ആറ് പ്രകാരം കൃഷി ഡയറക്ടർ സർക്കാരിൽ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം (3) ഉത്തരവിലെ ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള

മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു .-

1. 60 വയസ്സ് പൂർത്തിയാക്കിയ 10 സെന്റെങ്കിലും കൃഷി ചെയ്യുന്ന/ ചെയ്യുവരുന്നതും പരമാവധി 2 ഹെക്ടർ സ്ഥലം വരെ കൃഷിഭൂമിയുള്ളവരുമായ "കൃഷി മുഖ്യ ഉപജീവനമാർഗ്ഗമാക്കിയ കർഷകന്" ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടായിരിക്കും.
2. തെരെഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപ ആയിരിക്കും.
3. കർഷകന്റെ വാർഷിക വരുമാനം ഒന്നരലക്ഷം രൂപയിൽ താഴെയായിരിക്കണം.
4. സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റു വിഭാഗങ്ങൾ എന്നിവർക്ക് കർഷകപെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല
5. കഴിഞ്ഞ പത്ത് കൊല്ലമായി കാർഷിക മേഖലയിൽ അതാത് പഞ്ചായത്തുകളിൽ കൃഷി ചെയ്ത് ജീവിച്ചു വരുന്നവർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്.
6. വർഷങ്ങളായി വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവർക്ക് കുറഞ്ഞത് 10 വർഷമെങ്കിലും കാർഷിക മേഖലയിൽ ജോലി ചെയ്താൽ മറ്റ് നിബന്ധനകൾക്ക് വിധേയമായി കർഷക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.
7. കർഷക പെൻഷന് അപേക്ഷിക്കുന്ന വ്യക്തിയുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട കൃഷി ഓഫീസർ സർട്ടിഫൈ ചെയ്യേണ്ടതും ഓരോ മാസത്തെയും കാർഷിക വികസന സമിതിയിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതും അംഗീകാരം ലഭിക്കുന്ന മാസം മുതൽ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതുമാണ്.
8. ഒരു കുടുംബത്തിൽ ഭാര്യക്കോ / ഭർത്താവിനോ (ഒരാൾക്ക്) മാത്രമേ കർഷക പെൻഷന് അർഹതയുള്ളൂ. പെൻഷൻ ലഭിക്കുന്ന ആൾ മരണമടഞ്ഞാൽ മറ്റു വരുമാനങ്ങളില്ലാത്ത പക്ഷം ജീവിത പങ്കാളിയ്ക്ക് പെൻഷൻ നൽകാവുന്നതാണ്.
9. മേൽ നിർദ്ദേശങ്ങൾ നിലവിൽ കർഷക പെൻഷൻ വാങ്ങുന്നവർക്കും ബാധകമായിരിക്കും.
10. മറ്റേതെങ്കിലും പെൻഷനുകളുള്ള പക്ഷം ഒരു പെൻഷന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.
11. നിലവിലുള്ള ലിസ്റ്റിൽ നിന്ന് ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതാണ്.

12. പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്

മേൽ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടോ എന്ന് നിലവിലുള്ള സംവിധാനം ഉപയോഗിച്ചു കൊണ്ടു തന്നെ കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. രാജു നാരായണസ്വാമി**
**കാർഷികോത്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്)
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ധനകാര്യ(അഗ്രി ബി) വകുപ്പ്(അഗ്രി-ബി1/169/2016-ധന തീയതി 21.02.2017 പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**
S. [signature]
**സെക്ഷൻ ഓഫീസർ**

***പകർപ്പ്*** : ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ് –ന്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ- യ്ക്ക്.
പൊതുഭരണ (എസ്.സി) വകുപ്പ്(ഇനം നമ്പർ.767)
അഡീഷണൽ സെക്രട്ടറിയുടെ സി.എ- യ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറി / അണ്ടർ സെക്രട്ടറി.